## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 22    04/06/2018 ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം**

ചോദ്യം
ശ്രീ. ഇ.കെ.വിജയൻ.

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ ഫയൽ നീക്കത്തിന് വളരെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)യും (ബി) യും (സി)യും | ഫയലുകളിൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേക്കായി ഫയൽ അദാലത്തുകൾ നടത്തി വരുന്നു. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. E-office സംവിധാനത്തിലൂടെ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് ചുമതല വഹിക്കാനാവുന്ന തരത്തിൽ ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഫയൽ നീക്കത്തിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; | | |
| (സി) | ഓരോ ഫയലും പ്രാധാന്യത്തോടെ പരിഗണിച്ച് നിശ്ചിത സമയത്തിനുള്ളിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ